

**ടി. പി. രാമകൃഷ്ണൻ**
[സി.പി.ഐ.(എം) – പേരാമ്പ്ര]

ശ്രീ. ശങ്കരന്റെയും ശ്രീമതി മാണിക്യത്തിന്റെയും മകനായി 1949 ജൂൺ 15-ാം തീയതി കോഴിക്കോട് ജില്ലയിലെ നമ്പ്രത്തുകര എന്ന സ്ഥലത്ത് ജനിച്ചു; പ്രീഡിഗ്രി; രാഷ്ട്രീയ പ്രവർത്തകൻ.

**വഹിച്ച സ്ഥാനങ്ങൾ**

കെ.എസ്.എഫ്. (1969), എസ്.എഫ്.ഐ. (1970), കെ.എസ്.വൈ.എഫ്. (1971) കൊയിലാണ്ടി താലൂക്ക് സെക്രട്ടറി.

സി.പി.ഐ.(എം): അംഗം(1968), നമ്പ്രത്തുകര ബ്രാഞ്ച് സെക്രട്ടറി (1969), കീഴരിയൂർ ലോക്കൽ കമ്മിറ്റി അംഗം (1970), കടിയങ്ങാട് ലോക്കൽ കമ്മിറ്റി സെക്രട്ടറി (1973-1976), ജില്ലാ കമ്മിറ്റി അംഗം (1977), പേരാമ്പ്ര ഏരിയാ കമ്മിറ്റി സെക്രട്ടറി (1981-1982 & 1984-1992), ബാലുശ്ശേരി ഏരിയാ കമ്മിറ്റി പ്രഥമ സെക്രട്ടറി (1982-1984), കോഴിക്കോട് ജില്ലാ കമ്മിറ്റി സെക്രട്ടറി (2004-2013).

സി.ഐ.ടി.യു.: കർഷക തൊഴിലാളി യൂണിയൻ കീഴരിയൂർ പഞ്ചായത്ത് സെക്രട്ടറി, കർഷക തൊഴിലാളി യൂണിയൻ കൊയിലാണ്ടി താലൂക്ക് കമ്മിറ്റി അംഗം, പേരാമ്പ്ര എസ്റ്റേറ്റ് ലേബർ യൂണിയൻ സെക്രട്ടറി/പ്രസിഡന്റ് (1972-1990), കൊയിലാണ്ടി താലൂക്ക് സെക്രട്ടറി, കോഴിക്കോട് ജില്ലാ കമ്മിറ്റി സെക്രട്ടറി, സംസ്ഥാന വൈസ് പ്രസിഡന്റ്, കൊയിലാണ്ടി താലൂക്ക് ചെത്ത് തൊഴിലാളി യൂണിയൻ പ്രസിഡന്റ്, മദ്യവ്യവസായി തൊഴിലാളി യൂണിയൻ പ്രസിഡന്റ്, ചെത്ത് തൊഴിലാളി ഫെഡറേഷൻ, മദ്യവ്യവസായി തൊഴിലാളി ഫെഡറേഷൻ എന്നിവയുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറി, കോഴിക്കോട് ജില്ലാ മോട്ടോർ തൊഴിലാളി യൂണിയൻ പ്രസിഡന്റ്.

കോഴിക്കോട് സർവ്വകലാശാല സെനറ്റ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഡയറക്ടർ ബോർഡ്, കള്ള് ചെത്ത് വ്യവസായി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിൽ അംഗം, ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ഡയറക്ടർ, ടെക്സ്ഫെഡ് ചെയർമാൻ.

കുടികിടപ്പ് അവകാശം സ്ഥാപിക്കുന്നതിനുള്ള വളച്ചുകെട്ടൽ സമരം (1970), കീഴരിയൂർ മീറോഡ് മിച്ചഭൂമി സമരം (1972) എന്നിവയുടെ അമരക്കാരൻ.

1969-ൽ ലാത്തിച്ചാർജ്ജിൽ ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് ആശുപത്രിയിൽ കിടക്കേണ്ടതായി വന്നു. 1976-ലെ അടിയന്തിരാവസ്ഥ സമയത്ത് അറസ്റ്റ് ചെയ്യപ്പെടുകയും കക്കയം ക്യാമ്പിൽ മർദ്ദനത്തിന് ഇരയാകുകയും 12 ദിവസം പേരാമ്പ്ര പോലീസ് സ്റ്റേഷനിൽ ലോക്കപ്പിലാകുകയും ചെയ്തു. തുടർന്ന് 3 മാസം ജയിൽവാസം അനുഭവിച്ചു.

തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി (25.05.2016 - 03.05.2021).

നിലവിൽ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം, പാർലമെന്ററി പാർട്ടി സെക്രട്ടറി, സി.ഐ.ടി.യു. സംസ്ഥാന കമ്മിറ്റി വൈസ് പ്രസിഡന്റ്, അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം, കേരള സംസ്ഥാന ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് ഫെഡറേഷൻ, കേരള സംസ്ഥാന കള്ള് വ്യവസായ തൊഴിലാളി ഫെഡറേഷൻ എന്നിവയുടെ സംസ്ഥാന പ്രസിഡന്റ്, കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതി ചെയർമാൻ (2021 മുതൽ).

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നിന്നും 2001-ൽ 11-ാം കേരള നിയമസഭയിലേക്കും 2016-ൽ 14-ാം കേരള നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| അറിയാവുന്ന ഭാഷകൾ | : | മലയാളം, ഇംഗ്ലീഷ് |
| ഭാര്യ | : | ശ്രീമതി എം. കെ. നളിനി |
| കുട്ടികൾ | : | ശ്രീ. രാജുലാൽ ടി. പി.<br>ശ്രീമതി രഞ്ജിനി ടി. പി. |
| സന്ദർശിച്ച വിദേശ രാജ്യങ്ങൾ | : | ചൈന, യു.എ.ഇ., സൗദി അറേബ്യ, കുവൈറ്റ്, ഖത്തർ, യു.കെ., സിംഗപ്പൂർ, ഹോങ്കോങ്ങ്, ഒമാൻ |
| ശീലങ്ങൾ | : | പുസ്തകവായന, യാത്ര |
| വിനോദം | : | യാത്ര |
| സാഹിത്യ പ്രവർത്തനങ്ങൾ | : | ലൈബ്രറി അസോസിയേഷനുകളിൽ സജീവം. |

| | | |
|---|---|---|
| സ്ഥിരമേൽവിലാസം | : | കൊട്ടാരക്കൽ ഹൗസ്,<br>വെളിയൂർ,<br>നൊച്ചാട് പി.ഒ.,<br>നടുവണ്ണൂർ,<br>കോഴിക്കോട്-673 614. |
| ഇ-മെയിൽ | : | tpramakrishnan01@gmail.com |

**ടെലിഫോൺ നമ്പർ**

| | | |
|---|---|---|
| താമസ സ്ഥലം | : | 0496-2610894 |
| ഓഫീസ് | : | 0471-2512335<br>0496-2617300 |
| മൊബൈൽ | : | 94464 85543 |

**തെരഞ്ഞെടുപ്പ് ഫലം**

| | | |
|---|---|---|
| സമ്മതിദായകർ | : | 1,98,218 |
| വോട്ടു ചെയ്തവർ | : | 1,63,737 |
| ശ്രീ. ടി. പി. രാമകൃഷ്ണൻ [സി.പി.ഐ.(എം)] | : | 86,023 |
| ശ്രീ. സി. എച്ച്. ഇബ്രാഹിംകുട്ടി (സ്വതന്ത്രൻ) | : | 63,431 |
| അഡ്വ. കെ. വി. സുധീർ (ബി.ജെ.പി.) | : | 11,165 |